(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ വൈദ്യുതികണക്ഷനാണ് വിച്ഛേദിച്ചത് ; ഇവർ എത്ര രൂപ വൈദ്യുതി കുടിശ്ശികയായി നൽകാനുണ്ട് ; ഇത് എത്ര വർഷത്തെ കുടിശ്ശികയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളോട് കുടിശ്ശിക അടച്ചു തീർക്കാൻ കെ.എസ്.ആർ.ടി.സി. നിരന്തരം ആവശ്യപ്പെടുകയുണ്ടായോ ; എങ്കിൽ കുടിശ്ശിക അടക്കാത്തതിന്റെ കാരണമെന്തെന്ന് പരിശോധിക്കുമോ ;

(ഡി) ഇതിൽ ഏതെങ്കിലും സ്ഥാപനത്തിന്റെ കണക്ഷൻ കെ.എസ്. ആർ.ടി.സി. തന്നെ പിന്നീട് പുനഃസ്ഥാപിച്ചോ ; എങ്കിൽ ഏതു സ്ഥാപന ത്തിന്റെ ;

(ഇ) മറ്റുള്ളവയുടെ കാര്യത്തിൽ കോർപ്പറേഷന്റെ തീരുമാനമെന്ത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായി.

(ബി) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

3. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

കുടിശ്ശികയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിരന്തരം ആവശ്യപ്പെടുകയുണ്ടായി, എങ്കിലും കുടിശ്ശിക അടച്ചിട്ടില്ല. കുടിശ്ശിക അടയ്ക്കാത്തതിന്റെ കാരണം പരിശോധിക്കുന്നതാണ്.

(ഡി&ഇ) ആർ. ടി. ഓഫീസിന്റെ വൈദ്യുതി പുനഃസ്ഥാപിച്ചു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും, സിവിൽ സപ്ലൈസ് കോർപ്പറേഷനും അടയ്ക്കുവാനുള്ള തുകയുടെ ഒരു ഭാഗം അടയ്ക്കുകയും ബാക്കി തുക ഒരു മാസത്തിനുള്ളിൽ അടയ്ക്കുകയും, പ്രത്യേക വൈദ്യുതി കണക്ഷൻ ഒരു മാസത്തിനുള്ളിൽ തന്നെ എടുത്തുകൊള്ളാമെന്നും സമ്മതപത്രം തന്നതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി പുനഃസ്ഥാപിച്ചു.

വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച ട്രാൻസ്പോർട്ട് വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങൾ

219 (4008) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിക്കുള്ള പണം അടച്ചില്ല എന്നതിന്റെ പേരിൽ ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ സ്ഥാപനങ്ങളാണ് കുടിശ്ശികയിനത്തിൽ കെ.എസ്. ആർ.ടി.സി. ക്ക് പണം നൽകാനുള്ളതെന്നും, എത്ര തുക വീതമാണെന്നും വിശദമാക്കുമോ ;

(സി) പണമടയ്ക്കുന്നതിൽ വീഴ്ച വന്നതിന് ഉത്തരവാദികളാരെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കുടിശ്ശികകൾ ഏറെ പിരിഞ്ഞു കിട്ടാനുള്ളതിനാൽ കെ.എസ്.ആർ.ടി.സി. കടക്കെണിയിലാവുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്, റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് എന്നീ വകുപ്പുകൾ ട്രാൻസ്പോർട്ട് ഭവനിൽ വാടകയ്ക്കു പ്രവർത്തിച്ചുവരികയാണ്. ടി വകുപ്പുകൾ കറണ്ട് ചാർജ്ജ് ഇനത്തിൽ ഭീമമായ കുടിശ്ശിക വരുത്തിയിട്ടുണ്ട്. തുക അടയ്ക്കണമെന്ന് ആവർത്തിച്ചാവർത്തിച്ചു ആവശ്യപ്പെട്ടിട്ടും തുക അടച്ചിരുന്നില്ല. കെ. എസ്. ആർ. ടി. സി. പലിശയ്ക്ക് പണം എടുത്താണ് ടി തുക അടച്ചു കൊണ്ടിരുന്നത്. കറണ്ട് ചാർജ്ജ് തുക അടച്ചില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുമെന്ന് മുൻകൂർ നോട്ടീസ് നൽകിയശേഷവും തുക അടയ്ക്കാത്ത സാഹചര്യത്തിലാണ് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത്.

(ബി&സി) 1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ

2. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

3. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്

വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളോട് കുടിശ്ശിക തുക അടയ്ക്കുകയും ഓരോ വകുപ്പും പ്രത്യേകം വൈദ്യുതി കണക്ഷൻ എടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ട്രാൻസ്പോർട്ട് ഭവനിലെ അന്യഓഫീസുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

220 (4009) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഭവനിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളുടെയും വൈദ്യുതി ചാർജ് കെ.എസ്.ആർ.ടി.സി. യാണോ നൽകിവരുന്നത് ;

(ബി) പ്രതിമാസം ശരാശരി എത്ര തുക ഈയിനത്തിൽ കെ.എസ്. ആർ.ടി.സി. നൽകിവരുന്നു എന്നറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly